**കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്കൂളിന് കെട്ടിട നിർമ്മാണം**

324 (7295) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്കൂളിന് പൊതുമരാമത്ത് വകുപ്പിൽനിന്നും 44 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണപുരോഗതി വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കായംകുളം കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്കൂളിന്റെ സ്ട്രക്ച്ചർ (പ്ലാസ്റ്ററിംഗ് ഉൾപ്പെടെ) പൂർത്തിയായി. ഫ്ളോറിംഗ്, പെയിന്റിംഗ്, മറ്റു ഫിനിഷിംഗ് ജോലികൾ എന്നിവ പൂർത്തിയാക്കുവാനുണ്ട്.

31-8-2014-നകം പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തൃക്കരിപ്പൂർ ഗവ.പോളിടെക്നിക് കോളേജിലെ ബോയ്സ് ഹോസ്റ്റൽ & സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം**

325 (7296) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ ബോയ്സ് ഹോസ്റ്റൽ & സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം പുനഃരാരംഭിക്കുന്നതിന് റിവൈസ്ഡ് എ.എസ്. നൽകാൻ കാലതാമസംവരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ പണി ആദ്യംചെയ്ത കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) ചീഫ് എഞ്ചിനീയർമാരുടെ മീറ്റിംഗിൽ പുതുക്കിയ എസ്റ്റിമേറ്റിൽ പണിചെയ്യാൻ തയ്യാറായ കരാറുകാരനെതിരെ നടപടി സ്വീകരിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly